പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നംപർ.114

13.12.2012ൽ
മറുപടിക്ക്

# വയലുകളും തണ്ണീർത്തടങ്ങളും അനധികൃതമായി നികത്തുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാലോട് രവി:<br>ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.ലൂഡി ലൂയിസ് :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) അനധികൃതമായി നികത്തുന്ന വയലുകളും തണ്ണീർത്തടങ്ങളും പൂർവ്വ സ്ഥിതിയിലാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊളളാനുദ്ദേശിക്കുന്നത് ; | (എ) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 അനുസരിച്ച്, ജില്ലാ കളക്ടർക്ക് ഈ ആക്ട് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിയ്ക്ക് ഭംഗം വരാതെ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ നെൽ വയലും തണ്ണീർ ത്തടങ്ങളും പൂർവ്വ സ്ഥിതിയിലാക്കുന്നതിലേ യ്ക്കായി ഉചിതമെന്ന് തോന്നുന്ന നടപടി കൈക്കൊള്ളാൻ അധികാരം നൽകുന്നുണ്ട്. ഇതിലേയ്ക്കായി ചെലവഴിക്കേണ്ടി വരുന്ന തുക പ്രസ്തുത സ്ഥലത്തിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ അവസരം നൽകി ഈടാക്കാൻ വ്യവസ്ഥയുണ്ട്. മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഓരോ സ്ഥലത്തും ഇത് സംബ ന്ധിച്ച പരിശോധന നടത്തുന്നത് ആരാണ് ; വിശദമാക്കുമോ; | (ബി) ആക്ട് സെക്ഷൻ 7(1) അനുസരിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർമാർ ആക്ടിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തിയേ യും സംബന്ധിച്ച് ആർ.ഡി.ഒ.മാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ സെക്ഷൻ 12 പ്രകാരം വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ വകുപ്പിലെ ഉദ്യോഗ |

സ്ഥരെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മാരായി നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്ക് ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടു ണ്ടോ എന്ന് പരിശോധിക്കുന്നതിനും ആക്ട് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ചെയ്യുന്നത് തടയുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. പരിശോധനയുടെ ഭാഗമായി പരിശോധനയോ അന്വേഷണമോ നടത്തുന്നതിന് ആവശ്യമെന്ന് തോന്നുന്ന പക്ഷം ബന്ധപ്പെട്ട ഏത് സ്ഥലത്തും പ്രവേശിക്കാവുന്നതാണ്. ഇത് കൂടാതെ 19-ാം വകുപ്പ് പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾ പാലിയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി റവന്യു വകുപ്പിലെ വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സബ് ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും പരിസരത്ത് പ്രവേശിക്കുകയും പരിശോധന നടത്തുകയും ചെയ്യാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും പ്രവർത്തനം നടത്തുന്നതിന് ഉപയോഗിക്കുന്ന വാഹനമോ യന്ത്രോപകര ണമോ പിടിച്ചെടുക്കാവുന്നതുമാണ്.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ ?

(സി) അനധികൃതമായി നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് സംബന്ധിച്ച് അറിവ് ലഭിയ്ക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ